www.modelquestionpapers.in

**301**

# S.S.L.C. MODEL EXAMINATION - FEBRUARY 2015

## MALAYALAM - I

**Time: 1½ Hours** | **Total Score : 40**

*നിർദ്ദേശങ്ങൾ :*

- ആദ്യത്തെ പതിനഞ്ചു മിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- ചോദ്യത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

[Score]

ഒന്നു മുതൽ നാലുവരെ ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം. {4x1=4}

1. 'മൂകവേദന' എന്ന പദം കൊണ്ട് അർത്ഥമാകുന്നത് എന്ത് ?
   - മൂകമാകുന്നതിലെ വേദന
   - മൂകമായ വേദന
   - മൂകവും വേദനയും
   - മൂകതയും വേദനയും

2. ചുവടെ കൊടുത്തിട്ടുള്ളവയിൽ ഒറ്റപ്പദമല്ലാത്തത് ഏത് ?
   - കാലപാശം
   - കൈച്ചെലവ്
   - കൂടിച്ചേർന്നു
   - ഉരുവിട്ടു പഠിച്ചു

3. "അർജ്ജുനനെ ഈ വിഷാദക്കയത്തിൽ നിന്നു കരകേറ്റുവാൻ പണ്ടുകേട്ട ഭഗവദ് ഗീതോപനിഷത്തിലെ വല്ല സൂക്തങ്ങളും സഹായിച്ചിരിക്കുമോ?"

   – ഈ വാക്യത്തിന്റെ ആശയത്തോട് പൊരുത്തപ്പെടുന്ന വാക്യം ഏത്?
   - അർജ്ജുനനെ വീഷാദത്തിൽ നിന്നു രക്ഷിക്കാൻ ഭഗവദ്ഗീതോപനിഷത്തിലെ ഒരു സൂക്തവും സഹായിച്ചിരിക്കുകയില്ല.
   - അർജ്ജുനനെ വിഷാദത്തിൽ നിന്നു രക്ഷിക്കാൻ ഭഗവദ്ഗീതോപനിഷത്തിലെ ചില സൂക്തങ്ങൾ സഹായിച്ചിട്ടുണ്ട്.
   - അർജ്ജുനനെ വിഷാദത്തിൽ നിന്നു രക്ഷിക്കാൻ ഭഗവദ്ഗീതോപനിഷത്തിലെ വാക്യങ്ങളാണ് സഹായിച്ചത്.

- അർജ്ജുനനെ വിഷാദത്തിൽ നിന്നു രക്ഷിക്കാൻ ഭഗവദ് ഗീതോപനിഷത്തിലെ ഒരു വാക്യം സഹായിച്ചു.

4. സ്വയമന്തിയിലും വെളുപ്പിലും
നിയതം ചിത്രവിരിപ്പു നെയ്തുടൻ
വിയദാലയ വാതിൽ മൂടുമെൻ –
പ്രിയസന്ധ്യേ! ഭവതിക്കു വന്ദനം

- ആകാശം ചിത്രവിരിപ്പുകൊണ്ട് മൂടിയ പ്രതീതി ഉളവാകുന്നത് എപ്പോൾ ?
  - സായം സന്ധ്യയിൽ
  - ത്രിസന്ധ്യയിൽ
  - ഉഷസ്സന്ധ്യയിൽ
  - സായം സന്ധ്യയിലും ഉഷസ്സന്ധ്യയിലും

**അഞ്ചു മുതൽ എട്ടുവരെയുള്ള ചോദ്യങ്ങൾക്ക് രണ്ട് സ്കോർ വീതം**

[ 4x2=8 ]

5. വരകളിലൂടെയും വാക്കുകളിലൂടെയും നമ്പൂതിരി അവതരിപ്പിക്കുന്ന പൊന്നാനിയുടെ ചരിത്രപരവും സാംസ്കാരികവുമായ സവിശേഷതകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

6. "യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം" എന്നു ദമയന്തിയെ ഹംസം പരിഹസിക്കുന്നു. സഖിമാർക്കും ഇതേ അഭിപ്രായം ഉണ്ടാകാം. ദമയന്തി പ്രകടിപ്പിക്കുന്ന ചാപല്യങ്ങളിൽ രണ്ടെണ്ണം പാഠഭാഗത്തു നിന്ന് കണ്ടെത്തി എഴുതുക.

7. കുമാരനാശാന്റെ നായികമാരെക്കുറിച്ച് മുണ്ടശ്ശേരി നടത്തുന്ന ഏതെങ്കിലും രണ്ടു നിരീക്ഷണങ്ങൾ എഴുതുക.

8. "സ്നേഹമയിയായ അമ്മ" എന്ന സങ്കല്പത്തിന് പട്ടാളക്കാരൻ എന്ന കഥയിലുള്ള പ്രാധാന്യം വെളിപ്പെടുത്തുന്ന രണ്ടു സൂചനകൾ എഴുതുക.

**ഒൻപതു മുതൽ പതിമൂന്നു വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം - നാല് സ്കോർ)**

[4x4=16]

9.

- "നഗ്നപാദത്തിൽ ക്കാണും പാടുകളെൻ നേട്ടങ്ങൾ;
ശാശ്വതാരോഗ്യം തരുമുപ്പുനീരുറവകൾ" (പി. ഭാസ്കരൻ)

- "ഇനന്റെ ചെന്തീക്കതിർമാരിനിത്യ-
മിടംപെടും തൻ തലകൊണ്ടു താങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ ദീനദയാലു നില്പൂ" (ഉള്ളൂർ)

- ഈ കാവ്യഭാഗങ്ങൾ പുതിയ തലമുറയ്ക്കു നൽകുന്ന സന്ദേശം എന്ത്?

[ഇനൻ -സൂര്യൻ, ചെന്തീക്കതിർമാരി - ചെന്തീപോലുള്ള രശ്മികളുടെ വർഷം, ദീനദയാലു - ദൈന്യം അനുഭവിക്കുന്നവരോട് ദയയുള്ള ആൾ]

10.

- "കല്ലുകൊണ്ടോ മനം താവകമാകില-
  ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ"

- "പട്ടുകിടക്കമേലേ കിടക്കുന്ന നീ
  പട്ടു കിടക്കമാറായിതോ ചോരയിൽ"

  - ഈ കാവ്യഭാഗങ്ങളുടെ അടിസ്ഥാനത്തിൽ എഴുത്തച്ഛന്റെ വർണ്ണനാ പാടവത്തെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

11. "മുക്തകണ്ഠം ഞാനിന്നു ഘോഷിപ്പൂ നിസ്സന്ദേഹം
മുറ്റത്തെ നിലപ്പനപ്പൂവിനാറിതളത്രേ!" - എന്ന് 'അടുത്തൂൺ' എന്ന കവിതയിൽ അക്കിത്തം പറയുന്നു. മത്സരാധിഷ്ഠിതവും തിരക്കേറിയതുമായ ആധുനിക ജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഈ രചന നൽകുന്ന സന്ദേശം എന്താണ്?

12. കടലോളം കണ്ണീർ കുടിച്ചവൾ, ഉള്ളിൽ കൊടും തീയാളിടും ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ എന്നീ വിശേഷണങ്ങൾ 'ഇവൾക്കു മാത്രമായ' എന്ന കവിതയിൽ സ്തീക്കു നൽകുന്നു. സ്ത്രീജീവിതവുമായി ബന്ധപ്പെട്ട കവിതയിലെ മറ്റു പരാമർശങ്ങൾ ഇതിനെ എങ്ങനെ സാധൂകരിക്കുന്നുവെന്ന് വിശദമാക്കുക.

13. വിദൂഷകക്കൂത്തിലെ ഫലിതം ജീവിതഗന്ധിയാകുന്നത് എങ്ങനെയെന്ന് "മുരിഞ്ഞപ്പേരീം ചോറും" എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**ചോദ്യം 14 - A, B എന്നിവയിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

[1x6=6 ]

14. (A) തട്ടകം, കടമ്മനിട്ട എന്നീ രചനകളിൽ തെളിയുന്ന ദേശസ്മൃതികൾ താരതമ്യം ചെയ്യുക.

സൂചനകൾ :

- കമ്മളൂട്ടിയുടെയും ഉണ്ണീരിക്കുട്ടിയുടെയും കഥ പറയുന്ന തട്ടകത്തിൽ പൗരാണികമായ വിശ്വാസങ്ങളുടെ വിവരണം കാണാം. ഇത് ദേശസമൃതിയുടെ ഭാഗമാണ്.
- കന്നുകാലികളെ വിൽക്കുന്ന ചന്തയെക്കുറിച്ചുള്ള വിവരണം "തട്ടക" ത്തിലുണ്ട്.
- ഗ്രാമജീവിതത്തിന്റെ ചിത്രം "കടമ്മനിട്ട"യിൽ തെളിയുന്നു (നെല്ലിൽ തണ്ടുമണക്കും വഴികൾ . . . . . )
- ഗ്രാമജീവിതത്തിലെ കൗതുകങ്ങൾ (ഓലേഞ്ഞാലിക്കിളിയുടെ വാലിൽ ശീലക്കൊടി കെട്ടി,, ആഞ്ഞിലി മൂട്ടിൽ മണ്ണപ്പം ചുട്ടു . . . . .)

(B) ആർട്ട് അറ്റാക്ക്, ഉതുപ്പാന്റെ കിണർ എന്നീ ചെറുകഥകളിലെ നായകന്മാർ മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാത്തതു മൂലം ജീവിതത്തിൽ പരാജയം ഏറ്റു വാങ്ങേണ്ടി വന്നവരാണോ? ശിവരാമൻ, ഉതുപ്പാൻ എന്നീ കഥാപാത്രങ്ങളെ താരതമ്യം ചെയ്ത് നിരീക്ഷണങ്ങൾ എഴുതുക.

15. താഴെ നൽകിയ കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

[1x6=6 ]

കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്
ധാത്രിതൻ മടിയിൽ കിടക്കരുത്
മാറിൽ തിമർക്കരുത്
കന്നിൻ മുലപ്പാൽ കൊതിക്കരുത്
പൂവിന്റെ കണ്ണിൽ നീ നോക്കരുത്
പൂതനാതന്ത്രം പുരണ്ടതാണെങ്ങും
കുഞ്ഞേ, ചിരിക്കരുത്
ചാടിക്കളിക്കരുത്
ചാടുതുളുന്നു നിൻ നേരെ
അസുരൻ മരിച്ചില്ല, പുകതുപ്പുമായിരം
ശകടങ്ങളായവൻ വീണ്ടും.
കുഞ്ഞേ, കുളിക്കരുത്
കാറ്റേറ്റു നിൽക്കരുത്
കാളിന്ദിയിൽ കാളകൂടം
കാളിയസർപ്പം ശമിച്ചില്ല ; കാർവർണ്ണൻ
ഓടിയൊളിച്ചതെവിടോ!
കരയിൽ പശുക്കളും ഗോപാലബാലരും
കരിയോല പോലെ കിടപ്പൂ.
കണ്ണുനീർ വാരിയെറിഞ്ഞമ്മമാർ
കണ്ണനെത്തേടിയോടുന്നു.
നീലക്കടമ്പിന്റെ മുരടിൽ ചുഴറ്റുന്ന
മഴുവിൻ മുരൾച്ചകൾ കേൾക്കൂ
കരിനാഗമായ്പ്പുകയിഴയുന്ന വിണ്ണിന്റെ
വിരഹവിലാപങ്ങൾ കേൾക്കൂ.

(കുഞ്ഞേ, മുലപ്പാൽ കുടിക്കരുത് - കടമ്മനിട്ട രാമകൃഷ്ണൻ) [പൂതന - മുലപ്പാലിൽ വിഷം കലർത്തി കൃഷ്ണനെ കൊല്ലാൻ നിയോഗിക്കപ്പെട്ട രാക്ഷസി ; ശകടം - വാഹനം; ധാത്രി - അമ്മ, ഭൂമി ; ചാട് -വണ്ടി,, ഒരു അസുരൻ; കാളകൂടം - കാളിയൻ എന്ന സർപ്പത്തിന്റെ ഉഗ്രവിഷം ; കരിനാഗമായ്പ്പുകയിഴയുന്ന - ഫാക്ടറികളിൽ നിന്നും ബോംബ് സ്ഫോടനങ്ങളിൽ നിന്നും ഉണ്ടാകുന്ന പുകയെക്കുറിച്ചുള്ള സൂചന].

* * * * * * * * * * * *